# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 5393 | 18/11/2019–ൽ മറുപടിയ്ക്ക്

## സാമാജികർ നൽകുന്ന നിവേദനങ്ങളിന്മേലുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. സജി ചെറിയാൻ :** | | **പിണറായി വിജയൻ**<br>മുഖ്യ മന്ത്രി |
| (എ) നിയമസഭാ സാമാജികർ മന്ത്രിമാർക്ക് നൽകുന്ന അപേക്ഷകൾക്കും നിവേദനങ്ങൾക്കുമുള്ള മറുപടി മടക്കത്തപാലിൽ തന്നെ ലഭ്യമാകുന്നുണ്ട്. എന്നാൽ ബന്ധപ്പെട്ട ചില വകുപ്പുകൾ വികസന പ്രവർത്തനങ്ങളുമായും അല്ലാതെയുമുള്ള വിഷയങ്ങൾക്ക് സമയബന്ധിതമായ മറുപടി നൽകുന്നില്ലായെന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) വകുപ്പ് മന്ത്രിമാരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ ലഭിച്ച വിവരവും, ഏത് സെക്ഷനിലാണ് പരിശോധിക്കുന്നതെന്നും, ആയതിന്റെ തീർപ്പ് ഉത്തരവ് ബന്ധപ്പെട്ട സാമാജികർക്ക് ലഭ്യമാക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | (എ) യും (ബി) യും | ഉണ്ട്, ജനപ്രതിനിധി എന്ന നിലയിൽ പ്രത്യേക അവകാശവും അധികാരവും ഉള്ള നിയമസഭാ സാമാജികരുടെ പരാതികളിൽ റിപ്പോർട്ട്/മറുപടി ലഭിക്കാൻ വളരെയധികം കാലതാമസം വരുന്നുണ്ടെന്നും പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും റിപ്പോർട്ട്/മറുപടി നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും ബഹു. സ്പീക്കർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 14.02.2018–ലെ PAD-A2/30/2018-PAD നമ്പർ സർക്കുലർ മുഖേന ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭാ സാമാജികരിൽ നിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായും നൽകേണ്ടതാണെന്നും അത്തരത്തിലുള്ള എല്ലാ കത്തുകൾക്കും ശ്രദ്ധാപൂർവ്വമായ പരിഗണന നൽകേണ്ടതും എത്രയും വേഗത്തിലും അനുയോജ്യമായ തലത്തിലും മറുപടി നൽകേണ്ടതുമാണെന്നും ജനപ്രതിനിധികളിൽ നിന്നും സർക്കാരിൽ ലഭിയ്ക്കുന്ന പരാതികൾ പരിഗണിച്ച് യഥാസമയം റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന കാര്യം എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ